**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3543** **14-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ജലമാർഗ്ഗമുള്ള ചരക്കു നീക്കം സാദ്ധ്യമാക്കുന്നതിനും ജലഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി, കോവളം മുതൽ ബേക്കൽ വരെ, 616 കി.മീ. നീളത്തിൽ, വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റോഡ് മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന് ബദലായി ജലഗതാഗത മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (ബി) | ജലഗതാഗത സംവിധാനത്തിലൂടെ ചരക്കു ഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ സോളാർ ഇലക്ട്രിക് റോ-റോ-കൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ രണ്ട് സോളാർ ഇലക്ട്രിക് റോ-റോ-കൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിൽ ഒന്നിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നതുമാണ്. കൂടാതെ, ദേശിയ ജലപാത 3-ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കൊച്ചി അമ്പലമുകളിലുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും കൊല്ലം ചവറ KMML-ലേക്ക് ഫർണസ് ഓയിൽ എത്തിക്കുന്നത് സംബന്ധിച്ച് ജലഗതാഗത വകുപ്പ് പ്രാഥമിക പഠനം നടത്തുകയും, ടി വിഷയത്തിൽ സർക്കാർ അനുമതിയോടുകൂടി രൂപീകരിച്ച സാങ്കേതിക കമ്മറ്റി വിശദമായപഠനം നടത്തിവരികയും ചെയ്യുന്നു. കൊച്ചി തുറമുഖത്തു നിന്നും, ചമ്പക്കര കനാലിലൂടെയും ഉദ്യോഗമണ്ഡൽ കനാലിലൂടെയും, ചരക്കു ബാർജ്ജുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ, കൊച്ചി-കൊല്ലം ജലപാതയിലൂടെ ചരക്കു നീക്കത്തിന് കേരള സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് |

| | | | |
|---|---|---|---|
| | | | ഇൻലാന്റ് നാവിഗേഷൻ കേർപ്പറേഷൻ മുൻകൈ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ